Government of Kerala

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
കരമന, തിരുവനന്തപുരം
തീയതി: 28-06-2025

## പത്രക്കുറിപ്പ്

## സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് - "ആംനെസ്റ്റി പദ്ധതി **2025**"- അവസാന തീയതി ജൂൺ **30**

## ഇന്ന് (ഞായറാഴ്ച ) ജി.എസ്.ടി ഓഫീസുകൾ തുറന്ന് പ്രവർത്തിക്കും.

തിരുവനന്തപുരം: 2025-2026 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതികൾ ജൂൺ 30 ന അവസാനിക്കും. പ്രസ്തുത സാഹചര്യത്തിൽ നികുതിദായകരുടെ സഹായത്തിനും, സംശയ നിവാരണത്തിനുമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ആംനെസ്റ്റിയുമായി ബന്ധപ്പെട്ട ജി.എസ്.ടി ഓഫീസുകൾ അവധി ദിവസമായ ഞായറാഴ്ച (ജൂൺ 29 ന) തുറന്ന് പ്രവർത്തിക്കുന്നതാണ്. ബന്ധപ്പെട്ട നികുതിദായകർ ഈ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

ജനറൽ ആംനെസ്റ്റി, ഫ്ലഡ് സെസ്സ് ആംനെസ്റ്റി, ബാർ ഹോട്ടൽ ആംനെസ്റ്റി , ഡിസ്റ്റിലറി അരിയർ സെറ്റിൽമെൻറ് സ്കീം എന്നീ നാല് തരത്തിലുള്ള ആംനെസ്റ്റി പദ്ധതികളാണ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതുകൂടാതെ, ജി.എസ്.ടി. ആംനെസ്റ്റിക്കായുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും ജൂൺ 30 ആണ്.

SD/-

**ADDITIONAL COMMISSIONER**